2024
APRIL
26
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ദിവസം വെറും 1 രൂപയ്ക്ക് ജിയോ സിനിമ പ്ലാൻ




**മുംബൈ:** മുകേഷ് അംബാനിയുടെ ഉടമസ്ഥതയിലുള്ള സ്ട്രീമിങ് പ്ലാറ്റ്ഫോമായ ജിയോ സിനമ പ്രീമിയം സർവീസുകളുടെ നിരക്ക് വെട്ടിക്കുറച്ചു. 99 രൂപയുടെ പ്രതിമാസ പ്രീമിയം സബ്സ്ക്രിപ്ഷൻ നിരക്കുകൾ 29 രൂപയായിട്ടാണ് കുറച്ചത്.

ദിവസം വെറും ഒരു രൂപയിൽ താഴെയുള്ള പാക്കെജ് അവതരിപ്പിച്ച് നെറ്റ്ഫ്ളിക്സിനും ആമസോൺ പ്രൈമിനും വെല്ലുവിളി ഉയർത്തുകയാണ് ജിയോ സിനിമയുടെ ലക്ഷ്യം. നിലവിൽ ഇന്ത്യൻ പ്രീമിയർ ലീഗ് (ഐപിഎൽ) ഉൾപ്പെടെയുള്ള സ്പോർട്സ് ഇവൻറുകൾ സൗജന്യമായിട്ടാണ് ജിയോ സിനിമയിൽ ലഭിക്കുന്നത്. പരസ്യമില്ലാത്ത പ്രീമിയം ഉള്ളടക്കങ്ങൾക്കും നിരക്ക് കുറച്ചതോടെ കൂടുതൽ പ്രീമിയം ഉപയോക്താക്കളെ കണ്ടെത്താമെന്നാണ് ജിയോ സിനിമയുടെ കണക്കുകൂട്ടൽ.

ജിയോ സിനിമയുടെ ഫാമിലി പ്ലാൻ 89 രൂപയായി കുറച്ചിട്ടുണ്ട്. ഈ പ്ലാൻ ഉപയോഗിച്ച് ഒരേസമയം നാല് ഡിവൈസുകളിൽ ലോഗിൻ ചെയ്യാൻ സാധിക്കും. പരസ്യമില്ലാതെ പരിപാടികൾ കാണാനും സാധിക്കും. നേരത്തെ പ്രീമിയം സബ്സ്ക്രിപ്ഷന് 99 രൂപയായിരുന്നു പ്രതിമാസം ഈടാക്കിയിരുന്നത്. മലയാളം ഉൾപ്പെടെയുള്ള ഭാഷകളിൽ കൂടുതൽ കണ്ടൻറുകൾ നിർമിക്കാനുള്ള ഒരുക്കത്തിലാണ് ജിയോ സിനിമാസ്.

ഇൻറർനെറ്റ് സൗകര്യം ഇല്ലാതെയും പരിപാടികൾ ആസ്വദിക്കാനുള്ള സൗകര്യവും ഇനി മുതൽ ലഭ്യമാണ്. ഹോളിവുഡ് സിനിമകളും സീരിസുകളും 4കെ ദൃശ്യമികവിൽ അഞ്ച് ഇന്ത്യൻ ഭാഷകളിൽ കാണാനും സാധിക്കും. ഗ്രാമീണ, ഇടത്തരം ഉപയോക്താക്കളെ കൂടുതലായി ജിയോ സിനിമാസിലേക്ക് എത്തിക്കാനാണ് പുതിയ നീക്കത്തിലൂടെ കമ്പനി ലക്ഷ്യമിടുന്നത്.

ഫ്രീയായി ഐപിഎൽ കാണിച്ച് പരസ്യത്തിലൂടെ വരുമാനം കണ്ടെത്തുകയാണ് ജിയോ സിനിമയുടെ ബിസിനസ് തന്ത്രം.

## ഇന്ന് രണ്ടാം ഘട്ടം വോട്ടെടുപ്പ് 88 മണ്ഡലങ്ങളിൽ



**ന്യൂഡൽഹി:** ലോക്സഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാംഘട്ട പോളിംഗ് ഇന്നു നടക്കും. 13 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 88 മണ്ഡലങ്ങളിലേക്കാണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ്.

89 മണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പു നടത്താനായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ, മധ്യപ്രദേശിലെ ബേതുൾ മണ്ഡലത്തിലെ ബിഎസ്പി സ്ഥാനാർഥി അശോക് ഭലാവി മരിച്ചതിനെത്തുടർന്ന് ഈ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് മേയ് ഏഴിലേക്ക് മാറ്റി. കേരളത്തിലെ 20 സീറ്റുകൾക്കൊപ്പം കർണാടകയിലെ 28ൽ 14, രാജസ്ഥാനിലെ 13, മഹാരാഷ്ട്രയിലെയും യുപിയിലെയും എട്ടു വീതം, മധ്യപ്രദേശിലെ ആറ്, ആസാമിലെയും ബിഹാറിലെയും അഞ്ചു വീതം, ഛത്തീസ്ഗഡിലെയും പശ്ചിമബംഗാളിലെയും മൂന്നു വീതം, മണിപ്പൂർ, ത്രിപുര, ജമ്മുകാഷ്മീർ എന്നിവിടങ്ങളിലെ ഓരോ സീറ്റുകളിലേക്കുമാണ് ഇന്നു വിധിയെഴുത്ത്.

## ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മിഷൻ ആക്രമിച്ച കേസ്: മുഖ്യപ്രതിയെ എൻഐഎ അറസ്റ്റ് ചെയ്തു

**ന്യൂഡൽഹി:** ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മിഷൻ ആക്രമിച്ച കേസിൽ മുഖ്യപ്രതി അറസ്റ്റിൽ. ഇന്ദർപാൽ സിങ് ഗാബ എന്നയാളാണ് അറസ്റ്റിലായത്. ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) ആണ് ഇയാളെ പിടികൂടിയത്. ഇന്ത്യൻ ഹൈക്കമ്മിഷനും ഉദ്യോഗസ്ഥർക്കുമെതിരെ ഹീനമായ ആക്രമണങ്ങൾ അഴിച്ചുവിടുന്നതുമായി ബന്ധപ്പെട്ടു നടത്തിയ ഗൂഢാലോചനയുടെ ഭാഗമാണ് കഴിഞ്ഞ വർഷം മാർച്ചിൽ അരങ്ങേറിയതെന്ന് എൻഐഎ പ്രസ്താവനയിൽ അറിയിച്ചു.

## ശബരി വിമാനത്താവളം
# ഭൂമി ഏറ്റെടുക്കാനുള്ള വിജ്ഞാപനം ഹൈക്കോടതി സ്റ്റേ ചെയ്തു

**കൊച്ചി:** ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കാനുള്ള സർക്കാർ വിജ്ഞാപനം ഹൈക്കോടതി സ്റ്റേ ചെയ്തു. ബിലീവേഴ്സ് ചർച്ചിന് കീഴിലുള്ള അയന ചാരിറ്റബിൾ ട്രസ്റ്റ് നൽകിയ ഹർജിയിലാണ് ഹൈക്കോടതി നടപടി.

441 കൈവശക്കാരുടെ 1000.28 ഹെക്ടർ ഭൂമി ഏറ്റെടുക്കാനാണ് ഇക്കഴിഞ്ഞ മാർച്ചിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. എന്നാൽ സാമൂഹികാഘാത പഠനം നടത്തിയതിലും ഭൂമിയുടെ ഉടമസ്ഥാവകാശം നിർണ്ണയിച്ചതും ചട്ട വിരുദ്ധമായയാണെന്ന വാദം പരിഗണിച്ചാണ് നടപടികൾ സ്റ്റേ ചെയ്തത്.

ബിലീവേഴ്സ് ചർച്ചിന് കീഴിലുള്ള ചെറുവള്ളി എസ്റ്റേറ്റിലെ ഭൂമിയുടെ ഉടമസ്ഥാവകാശം ആർ!ക്ക് എന്നതിൽ തർക്കം നിലനിൽക്കുന്നുണ്ട്. എന്നാൽ സർക്കാരിന് ഉടമസ്ഥാവകാശമുള്ള ഭൂമി എന്ന പേരിലാണ് വിജ്ഞാപനമെന്നായിരുന്നു ഹർജിക്കാരുടെ പ്രധാന വാദം.



കൂടാതെ സാമൂഹിക ആഘാത പഠനം നടത്തിയത് സെൻറർ ഫോർ മാനേജ്മെൻറ് ഡവലപ്മെൻറാണ്. ഇത് സർക്കാരിന് കീഴിലുള്ള ഏജൻസിയാണെന്നും,കേന്ദ്ര സംസ്ഥാന ചട്ടങ്ങൾക്ക് വിരുദ്ധമാണിതെന്നും ഹർജിക്കാർ വാദിച്ചു.

ഇത് പരിഗണിച്ചാണ് കോടതി ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം സ്റ്റേ ചെയ്തത്. ഭൂമി ഏറ്റെടുക്കൽ നിയമം 2013 പ്രകാരം നഷ്ടപരിഹാരം നൽകുമെന്നായിരുന്നു അറിയിച്ചിരുന്നത്. ഏറ്റെടുക്കുന്ന ഭൂമികളുടെ വിശദാംശങ്ങളും വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ചിരുന്നു

കോട്ടയം സ്പെഷ്യൽ തഹസിൽദാറിനെയാണ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കളക്ടറുടെ ചുമതല നൽകി നിയമിച്ചത്. പദ്ധതിയുടെ അഡ്മിനിസ്ട്രേറ്ററായി കോട്ടയം ഡപ്യൂട്ടി കളക്ടറെയും നിയമിച്ചിരുന്നു.



# ഹൃദ്യത്തിലൂടെ 7000ലധികം കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ

## എല്ലാ കുഞ്ഞു ങ്ങൾക്കും പരിചരണം ഉറപ്പാക്കാൻ വീടുകളിലും അങ്കണവാടികളിലും സ്കൂളുകളിലും സ്ക്രീനിംഗ്

**തിരുവനന്തപുരം** ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ചികിത്സിക്കാനുള്ള ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ 7272 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തി. ഹൃദ്രോഗത്തിന്റെ തീവ്രതയനുസരിച്ച് കാലതാമസമില്ലാതെ കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഹൃദ്യം പദ്ധതിയിലൂടെ ചികിത്സയ്ക്കായി ആകെ 21,060 കുട്ടികൾ രജിസ്റ്റർ ചെയ്തു. അതിൽ 13,352 പേർ ഒരു വയസിന് താഴെയുള്ളവരാണ്. ആകെ രജിസ്റ്റർ ചെയ്തവരിൽ ശസ്ത്രക്രിയ ആവശ്യമായ 7,272 കുട്ടികൾക്കാണ് ഹൃദയ ശസ്ത്രക്രിയ നടത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 4526 കുഞ്ഞുങ്ങൾക്കാണ് ഹൃദയ ശസ്ത്രക്രിയ നടത്തിയത്.

കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്ന് നേരത്തെ തീരുമാനമെടുത്തിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കൂടുതൽ ആശുപത്രികളിൽ ഹൃദ്യം പദ്ധതി വ്യാപിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ചികിത്സ തേടിയ കുഞ്ഞുങ്ങൾക്ക് തുടർ ചികിത്സ ഉറപ്പാക്കാനും തുടർ നടപടികൾ ഏകീകരിക്കുന്നതിനുമായി ഹൃദ്യം വെബ് സൈറ്റ് വിപുലീകരിച്ചു. അടിയന്തര സ്വഭാവമുള്ള കേസുകളിൽ 24 മണിക്കൂറിനകം വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നു. ഇതിനായി വെന്റിലേറ്റർ/ ഐ.സി.യു. ആംബുലൻസ് സേവനവും നൽകി വരുന്നു.

ജന്മനാ ഹൃദ്രോഗമുള്ള കുഞ്ഞുങ്ങളിൽ സമയബന്ധിതമായി ഹൃദയ ശസ്ത്രക്രിയ നടത്തിയാൽ മരണത്തിൽ നിന്നും രക്ഷപ്പെടുത്താനാകും. നവജാത ശിശുക്കൾ മുതൽ 18 വയസ് വരെയുള്ള കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സേവനം ലഭ്യമാക്കുന്നു. സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന മുഴുവൻ കുഞ്ഞുങ്ങൾക്കും ഹൃദ്രോഗ പരിശോധന ഉറപ്പാക്കി വരുന്നു. എല്ലാ കുട്ടികൾക്കും പരിചരണം ഉറപ്പാക്കാൻ വീടുകളിലെത്തിയും അങ്കണവാടികളിലും സ്കൂളുകളിലും സ്ക്രീനിംഗ് നടത്തുന്നു. ഹൃദ്രോഗ ലക്ഷണങ്ങൾ കണ്ടെത്തിയാൽ എക്കോ ഉൾപ്പെടെയുള്ള വിദഗ്ധ പരിശോധന നടത്തും. ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാൽ പ്രസവം മുതലുള്ള തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികളിലോ, എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിലോ ശസ്ത്രക്രിയ ലഭ്യമാക്കുന്നു.

9 സർക്കാർ, സ്വകാര്യ ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ്, എറണാകുളം ജനറൽ ആശുപത്രി ഉൾപ്പെടെ കൂടുതൽ ആശുപത്രികളിൽ കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ നടത്താനുള്ള സംവിധാനമൊരുക്കി വരുന്നു.

ഹൃദ്യത്തിലൂടെ ഹൃദ്രോഗ ചികിത്സ ലഭിച്ച കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയും വികാസവും ഉറപ്പാക്കുന്ന തുടർപിന്തുണാ പദ്ധതിയും നടത്തി വരുന്നു. സാധാരണ കുഞ്ഞുങ്ങളെ അപേക്ഷിച്ച് ഇത്തരം കുട്ടികൾക്ക് കൂടുതൽ പരിചരണം ആവശ്യമാണ്.

ഈ കുഞ്ഞുങ്ങളെ പരിശോധന നടത്തി അതിൽ പ്രശ്നമുണ്ടെന്ന് കണ്ടെത്തിയവർക്ക് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ വഴി തുടർ ചികിത്സ ഉറപ്പാക്കി വരുന്നു.



# ഷൈജു തോമസിന് റിയാദ് ടാക്കിസ് യാത്രയയപ്പ് നൽകി

**റിയാദ്:** ഒന്നര പതിറ്റാണ്ടിലേറെ നീണ്ട റിയാദിലെ പ്രവാസത്തിന് വിരാമമിട്ട് നാട്ടിലേക്ക് തിരിക്കുന്ന കലാ കായിക സാംസ്കാരിക സ്വതന്ത്ര സൗഹൃദ കൂട്ടായ്മയായ റിയാദ് ടാക്കിസ് എക്സിക്യൂട്ടീവ് അംഗവും , റിയാദിലെ സാമൂഹിക സാംസ്കാരിക ജീവകാരുണ്യ മേഖലയിലെ നിറസാന്നിധ്യവുമായ ഷൈജു തോമസിന് റിയാദ് ടാക്കിസ് സമുചിതമായ യാത്രയയപ്പ് നൽകി.മലാസ് ചെറീസ് റെസ്റ്റോറന്റ് ഓഡിറ്റോറിയത്തിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ പ്രസിഡണ്ട് ഷഫീഖ് പാറയിൽ അധ്യക്ഷത വഹിച്ചു , സെക്രട്ടറി ഹരി കായകുളം സ്വാഗതം പറഞ്ഞു, ട്രഷറർ അനസ് വള്ളികുന്നം, സനു മാവേലിക്കര, ശിഹാബ് കൊട്ടുകാട് , അലി ആലുവ എന്നിവർ ചേർന്ന് ഉപഹാരം സമ്മാനിച്ചു

സാമൂഹിക സാംസ്കാരിക സംഘടനാ പ്രതിനിധികളായ സി പി മുസ്തഫ, മുജീബ് കായംകുളം, സിബിൻ ഇഖ്ബാൽ, സിദ്ദിഖ് തൂവൂർ, മൊഹിയുദീൻ, സുധീർ കുമ്മിൾ, മുനീബ് പാഴൂർ ,അസ്ലം പാലത്ത്, റഹ്മാൻ മുനമ്പത്ത് , ക്ലിറ്റർസ്, ഫോർക്ക വൈസ്: ചെയർമാൻ വിജയൻ നെയ്യാറ്റിൻകര , ഫൈസൽ തമ്പലക്കോടൻ , ഉമ്മർ മുക്കം, ബഷീർ കരോളം , ഹാരിസ് ചോല, നാസർ ലെയ്സ്, നിഹാസ് പാനൂർ , ഷമീർ ഷാമിൽ , സലാം വാലില്ലപുഴ , റിയാദ് ടാക്കിസ് ഭാരവാഹികളായ ഡൊമിനിക് സാവിയോ , നവാസ് ഒപ്പീസ് , നൗഷാദ് ആലുവ, ഷൈജു പച്ച , ഷമീർ കല്ലിങ്കൽ, സജീർ സമദ് ,വരുൺ കണ്ണൂർ, സുനിൽ ബാബു എടവണ്ണ , സാജിദ് നൂറനാട് , നിസാർ പള്ളികശേരി, സിജു ബഷീർ, കബീർ പട്ടാമ്പി എന്നിവർ സംസാരിച്ചു ,ബെസ്റ്റ് വേ കൾച്ചറൽ സൊസൈറ്റി , പ്രവാസി ഫ്രണ്ട്സ് ഓഫ് ഇന്ത്യ , അൽമാസ് ഫ്രണ്ട്സ് എന്നിവരും പൊന്നാടയും ഉപഹാരവും സമ്മാനിച്ചു .ഊഷ്മളമായ യാത്രയയപ്പിന് ഷൈജു തോമസ് നന്ദി പറഞ്ഞു .

സുൽഫി കൊച്ചു , പ്രദീപ് കിച്ചു , ഷഫീക് വലിയ,ഹുസ്സൈൻ ഷാഫി , ബാലഗോപാലൻ , അൻവർ യൂനുസ്, ജോസ് കടമ്പനാട് ,റജീസ് ചൊക്ലി , ഷംസു തൃക്കരിപ്പൂർ, എംഡി റാഫി,കരീം കെ ടി, റിസ്വാൻ , സുദർശന കുമാർ, അൻവർ സാദത്ത്, ഉമറലി അക്ബർ, നൗഷാദ് പുനലൂർ, മനു തോമസ്, വർഗീസ് തങ്കച്ചൻ, ഷംനാസ് അയൂബ്, ബൈജു കണ്ണൂർ, ജോജു, ഷാനവാസ്, നാസർ ആലുവ, അശോക് കൃഷ്ണ, ശിഹാബ്, സൈദ്, ബാദുഷ , അഷ്റഫ് അപ്പക്കട്ടിൽ, മഹേഷ് ജയ്, ഷിജു കോട്ടാങ്ങൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി

# പ്രകൃതിദത്ത ഭക്ഷണങ്ങൾ പ്രതിരോധശേഷി വർധിപ്പിക്കുമെന്ന്

**കൊച്ചി:** രോഗപ്രതിരോധ ശേഷി ശക്തിപ്പെടുത്തുന്നതിനും ആരോഗ്യം മികച്ച രീതിയിൽ നിലനിർത്തുന്നതിനും പ്രകൃതിദത്ത ഭക്ഷണങ്ങൾ ശീലമാക്കണമെന്ന് പ്രശസ്ത ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി. ആരോഗ്യകരവും സമീകൃതവുമായ ഭക്ഷണക്രമത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് പ്രധാനമാണ്. സീസണൽ പഴങ്ങൾ, പച്ചക്കറികൾ, ബദാം എന്നിവ പോലുള്ള പ്രകൃതിദത്ത ഭക്ഷണങ്ങൾ ദൈനംദിന ഭക്ഷണത്തിൽ ചേർക്കുന്നത് രോഗങ്ങളെ ചെറുക്കാൻ ശരീരത്തിന് ആവശ്യമായ അധിക ഉത്തേജനം നൽകും. ഓറഞ്ച്, നാരങ്ങ, മുസംബി, ഗ്രേപ്ഫ്രൂട്ട് തുടങ്ങിയ സിട്രസ് പഴങ്ങൾ വൈറ്റമിൻ സി പോഷകത്താൽ സമ്പന്നമാണ്. വെളുത്ത രക്താണുക്കളുടെ ഉത്പാദനത്തിന് ആവശ്യമായ ഒരു പോഷകമാണിത്. സ്വാദിഷ്ടമായ വിഭവമെന്നതിനപ്പുറം വിറ്റാമിൻ ഇ, സിങ്ക്, ഫോളേറ്റ്, ഇരുമ്പ് എന്നിവ ബദാമിൽ അടങ്ങിയിട്ടുണ്ട്. ആന്റി ബാക്ടീരിയൽ ഗുണങ്ങൾക്ക് പേരുകേട്ട വെളുത്തുള്ളിയിൽ പ്രകൃതിദത്തമായ അലിസിൻ സംയുക്തമാണുള്ളത്. ഭക്ഷണത്തിൽ വെളുത്തുള്ളി ഉൾപ്പെടുത്തുന്നത് രുചി കൂട്ടാൻ മാത്രമല്ല, സൂക്ഷ്മാണുക്കളെ ചെറുക്കാനും സഹായിക്കും. ചീര, മുരിങ്ങയില, അമര ഇലകൾ, തുളസിയില തുടങ്ങിയ ഇലക്കറികളിലും ധാരാളം വിറ്റാമിനുകളും ആന്റിഓക്സിഡന്റുകളും അടങ്ങിയിട്ടുണ്ടെന്നും ഷീല കൃഷ്ണസ്വാമി വ്യക്തമാക്കി.

# തീയതി നീട്ടി

**തിരുവനന്തപുരം:** അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞതും നിർദ്ധനരായവരുമായ കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദം/പ്രൊഫഷണൽ ബിരുദം വരെ പഠിക്കുന്ന വിദ്യാർഥികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പ്രതിമാസ ധനസഹായ പദ്ധതിയായ സ്നേഹപൂർവം പദ്ധതിയുടെ 202324 അധ്യയന വർഷത്തെ അപേക്ഷ വിദ്യാർഥി പഠിക്കുന്ന സ്ഥാപന മേധാവി മുഖേന ഓൺലൈൻ ആയി അപ്ലോഡ് ചെയ്യുന്നതിനായി ഏപ്രിൽ 29, 30 തീയതികളിൽ വെബ്സൈറ്റ് ഓപ്പൺ ആക്കി നൽകും. ഇത് സംബന്ധിച്ച വിവരങ്ങൾ മിഷന്റെ വെബ്സൈറ്റ് ആയ http://kssm.ikm.in ൽ ലഭിക്കും.

# രോഗപ്രതിരോധ സന്ദേശവുമായി ലോക മലമ്പനിദിനാചരണം



**പാലക്കാട്:** രോഗപ്രതിരോധത്തിൻറെ ആവശ്യകതയിലൂന്നി ലോക മലമ്പനി ദിനാചരണം. ജില്ലാതല ഉദ്ഘാടനം ജില്ലാ ആശുപത്രിയിലെ ഐപിപി ഹാളിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.ആർ.വിദ്യ നിർവഹിച്ചു.

ജില്ലാ ആശുപത്രി സുപ്രണ്ട് ഡോ.പി.കെ. ജയശ്രീ അധ്യക്ഷത വഹിച്ചു. ജില്ലാ ടിബി ഓഫീസർ ഡോ.സി. ഹരിദാസൻ, ജില്ലാ നഴ്സിംഗ് ഓഫീസർ കെ. രാധാമണി, ടെക്നിക്കൽ അസിസ്റ്റൻറുമാരായ പി. ബൈജുകുമാർ, കെ. ഹരിപ്രകാശ്, ജില്ലാ ലാബ് ഓഫീസർ ഇൻചാർജ് ഇബുനിസ കൽസം, ഹെൽത്ത് സൂപ്പർവൈസർ എം. പ്രമോദ് എന്നിവർ പ്രസംഗിച്ചു. ജില്ലാ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ കെ.ആർ. ദാമോദരൻ സ്വാഗതവും ജില്ലാ എജ്യുക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ഇൻചാർജ് സി. ആൽജോ ചെറിയാൻ നന്ദിയും പറഞ്ഞു.

ദിനാചരണത്തോടനുബന്ധിച്ച് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഗീതു മരിയ ജോസഫിൻറെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസും ഡിവിസി യൂണിറ്റിൻറെ നേതൃത്വത്തിൽ മലമ്പനി പ്രതിരോധ നിയന്ത്രണ പ്രവത്തനങ്ങളുടെ എക്സിബിഷനും നടത്തി. ആശാവർക്കർമാരും ആരോഗ്യപ്രവർത്തകരും പങ്കെടുത്തു.

കൂടുതൽ നീതിയുക്തായ ലോകത്തിനായി മലമ്പനിക്കെതിരായ പോരാട്ടം ത്വരിതപ്പെടുത്താം എന്നതാണ് ഈവർഷത്തെ ദിനാചരണ സന്ദേശം.

ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യകേരളം, ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ വിഭാഗം, ജില്ലാ വെക്റ്റർ യൂണിറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ദിനാചരണം സംഘടിപ്പിച്ചത്.

# ഇന്ത്യൻ കറിമസാലകൾ തിരിച്ചു വിളിച്ചതിൽ നടപടിയുമായി സ്പൈസസ് ബോർഡ്

**കൊച്ചി:** ഹോങ് കോങ്ങും സിംഗപ്പൂരും ഇന്ത്യൻ കറിമസാലകൾ തിരിച്ചു വിളിച്ചതിന് പിന്നാലെ നടപടിയുമായി സ്പൈസസ് ബോർഡ്. കറിമസാലകളിൽ എഥിലീൻ ഓക്സൈഡിന്റെ സാന്നിധ്യം കണ്ടെത്തിയതിനെ തുടർന്നാണ് തിരിച്ചു വിളിച്ചത്.ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിക്ക് മേൽനോട്ടം വഹിക്കുന്ന റെഗുലേറ്ററി അതോറിറ്റി എന്ന നിലയിൽ സ്പൈസസ് ബോർഡ് സ്ഥിതിഗതികളുടെ ഗൗരവം മനസിലാക്കി ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന സുഗന്ധവ്യഞ്ജനങ്ങളുടെ സുരക്ഷയും ഗുണനിലവാരവും ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷയും ഗുണനിലവാരവും മുൻനിർത്തി ഇന്ത്യൻ സുഗന്ധവ്യഞ്ജന ഉത്പന്നങ്ങളിൽ കർശനമായ പ്രോട്ടോക്കോളുകളും മാർഗ്ഗനിർദ്ദേശങ്ങളും നിർബന്ധിത ഇ.ടി.ഒ പരിശോധനയും ബോർഡ് നടത്തിവരുന്നുണ്ട്.

മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, സ്പൈസസ് ബോർഡ് ഇരു രാജ്യങ്ങളിലെയും ബന്ധപ്പെട്ട അധികാരികളിൽ നിന്ന് സാങ്കേതിക വിവരങ്ങൾ, വിശകലന റിപ്പോർട്ടുകൾ, കയറ്റുമതിക്കാരുടെ വിവരങ്ങൾ എന്നിവ ശേഖരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൂടുതൽ വിവരങ്ങളും ഔദ്യോഗിക അറിയിപ്പുകളും ലഭിക്കുന്നതിന് ബോർഡ് സിംഗപ്പൂരിലെയും ഹോങ്കോങ്ങിലെയും ഇന്ത്യൻ എംബസ്സികളുമായി ബന്ധപ്പെട്ടിട്ടുണ്ട്. പ്രശ്നത്തിന്റെ മൂലകാരണം കണ്ടെത്തുന്നതിനും നടപടികൾ നിർദ്ദേശിക്കുന്നതിനുമായി കയറ്റുമതിക്കാരുമായും ബോർഡ് ബന്ധപ്പെട്ടിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി കയറ്റുമതി സ്ഥാപനങ്ങളിലും സമഗ്രമായ പരിശോധനകൾ നടക്കുന്നുണ്ട്.

കൂടാതെ എഥിലീൻ ഓക്സൈഡിന്റെ ദോഷങ്ങളെ കുറിച്ച് കയറ്റുമതിക്കാരിൽ അവബോധം വളർത്തുന്നതിനും സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി സ്പൈസസ് ബോർഡ് സർക്കുലർ ഉടൻ പുറത്തുവിടും. ഭക്ഷ്യ സുരക്ഷയിൽ ആഗോള മാനദണ്ഡങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട്, ബോർഡ് കയറ്റുമതിക്കാർക്കും പൊതുജനങ്ങൾക്കും ഇ.ടി.ഒ യുടെ അന്താരാഷ്ട്ര നിയന്ത്രണങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. കൂടാതെ സിംഗപ്പൂരിലേക്കും ഹോങ്കോങ്ങിലേക്കും പോകുന്ന സുഗന്ധവ്യഞ്ജന ചരക്കുകളിൽ നിർബന്ധിത ഇ.ടി.ഒ പരിശോധന ആരംഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞു. മറ്റ് രാജ്യങ്ങളിലേക്കുള്ള സുഗന്ധവ്യഞ്ജനങ്ങളിലും ഇ.ടി.ഒ. യുടെ സാന്നിദ്ധ്യം കർശനമായി നിരീക്ഷിക്കും. ഈ പരിശോധനകൾ നടത്തുന്നതിന് സ്പൈസസ് ബോർഡിന്റെ എൻ.എ.ബി.എൽ അംഗീകൃത ലബോറട്ടറികൾ സജ്ജമാണ്.

# എസ്ബിഐ കാർഡ് യാത്രാ പ്രേമികൾക്കായി അവതരിപ്പിക്കുന്നു

**മുംബൈ:** ഇന്ത്യയിലെ ഏറ്റവും വലിയ പ്യുവർപ്ലേ ക്രെഡിറ്റ് കാർഡ് ഇഷ്യൂവറായ എസ്ബിഐ കാർഡ് യാത്രക്കാരെ ഫോക്കസ് ചെയ്തുള്ള ആദ്യ കോർ ക്രെഡിറ്റ് കാർഡായ എസ്ബിഐ കാർഡ് മൂന്ന് വേരിയന്റുകൾ മുംബൈയിൽ ലോഞ്ച് ചെയ്തു. യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവർ മുതൽ പതിവായി ഫ്ലൈറ്റ് യാത്രകൾ ചെയ്യുന്നവരും യാത്രാപ്രേമികളും വരെയുള്ള എല്ലാ തരത്തിലുള്ള യാത്രക്കാർക്കും സമഗ്രമായ യാത്രാ ആനുകൂല്യങ്ങൾ ലഭ്യമാക്കാനാണ് കാർഡ് ലക്ഷ്യമിടുന്നത്. ട്രാവൽ ക്രെഡിറ്റുകൾ എയർ മൈലുകളായും ഹോട്ടൽ പോയിന്റുകളായും പരിവർത്തനം ചെയ്യൽ, എല്ലാ യാത്രാ ബുക്കിംഗിലും കൂടുതൽ റിവാർഡുകൾ, എയർപോർട്ട് ലോഞ്ച് ആക്സസ് തുടങ്ങിയ ആകർഷകമായ ഫീച്ചറുകൾ എസ്ബിഐ കാർഡ് വാഗ്ദാനം ചെയ്യുന്നു. റിഡീം ചെയ്യാനുള്ള പരമമായ ചോയ്സ് കാർഡ്ഹോൾഡർമാർക്ക് നൽകുന്ന ഈ കാർഡ്, എയർ വിസ്താര, എയർ ഇന്ത്യ, സ്പൈസ് ജെറ്റ്, എയർ ഫ്രാൻസ്കെഎൽഎം, എത്തിഹാദ് എയർവേയ്സ്, എയർ കാനഡ, തായ് എയർവേയ്സ്, ക്വാന്റസ് എയർവേയ്സ്, ഐടിസി ഹോട്ടൽസ്, ഐഎച്ച്ജി ഹോട്ടൽസ് ആന്റ് റിസോർട്ട്സ്, ആക്കോർ തുടങ്ങിയ 20 എയർലൈൻ ഹോട്ടൽ ബ്രാൻഡുകളുമായി പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്.




‘ശക്തമായ സാമ്പത്തികവളർച്ചയും സമൃദ്ധമായ ഉപഭോക്തൃ ശീലങ്ങളും ലോകത്ത് ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. യാത്രാ സെക്ടറിൽ പോലും, ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ രാജ്യങ്ങളിൽ ഉൾപ്പെടെ, ഔട്ട്ബൗണ്ട് യാത്രയുടെ പ്രധാന ഉറവിട വിപണികളിൽ ഒന്നായി ഇന്ത്യ കണക്കാക്കപ്പെടുന്നു. ഇന്ത്യൻ ഉപഭോക്താക്കളുടെ യാത്രാനുഭവത്തെ പുനർനിർവ്വചിക്കുന്ന ശക്തമായ ഉൽപ്പന്നമാണിത്,‘ എന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെയർമാൻ ശ്രീ ദിനേശ് കുമാർ ഖേര പറഞ്ഞു.

ഇന്ത്യക്കാർ കൂടുതൽ വിശാലവും വൈവിദ്ധ്യവുമായ യാത്രാനുഭവങ്ങൾ തേടുന്നത് വർദ്ധിച്ചുവരുന്നു എന്നത് വ്യക്തമായ കാര്യമാണ്. പ്രത്യേകം തിരഞ്ഞെടുത്ത യാത്രാ ബെനിഫിറ്റുകളിലൂടെ ഈ അനുഭവങ്ങൾ മെച്ചപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് മൂന്ന് വേരിയന്റുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. യാത്രയ്ക്കായി ചെലവിടുന്ന ഓരോരുത്തർക്കും 200നും യാത്രക്കാർക്ക് 6 ട്രാവൽ ക്രെഡിറ്റും മറ്റ് വിഭാഗങ്ങളിൽ ചെലവിടുന്നവർക്ക് 200ന് 2 ട്രാവൽ ക്രെഡിറ്റ് വരെയും കാർഡ് ഉടമകൾക്ക് നേടാനാകും. പ്രശസ്തമായ ഒന്നിലധികം ഫ്ലൈറ്റ്, ഹോട്ടൽ പങ്കാളികളിൽ നിന്ന് ട്രാവൽ ക്രെഡിറ്റ് ആയാസരഹിതമായി റിഡീം ചെയ്യാൻ ഓഫറുകൾ കാർഡ് ഉടമകളെ അനുവദിക്കുന്നു. ഉപഭോക്താക്കൾക്ക് ഈ ട്രാവൽ ക്രെഡിറ്റുകൾ നിർദ്ദിഷ്ട പങ്കാളികളുടെ എയർ മൈലുകൾ/ ഹോട്ടൽ പോയിന്റുകൾ ആയി പരിവർത്തനം ചെയ്യുകയോ ടആക ഇമൃറ മൊബൈൽ ആപ്പോ https://www.sbicard.com/ എന്ന വെബ്സൈറ്റോ സന്ദർശിച്ച്, എയർ ടിക്കറ്റുകളോ ഹോട്ടൽ മുറികളോ ബുക്ക് ചെയ്യാനായി അവ നേരിട്ട് ഉപയോഗിക്കുകയോ ചെയ്യാം.

വർഷവും 8 കോംപ്ലിമെന്ററി ഡൊമസ്റ്റിക് ലോഞ്ച് സന്ദർശനവും 6 അന്താരാഷ്ട്ര എയർപോർട്ട് ലോഞ്ച് സന്ദർശനവും ആസ്വദിക്കാം. അധിക ഡൊമസ്റ്റിക് ലോഞ്ച് ആക്സസ് നേടാനും കാർഡ് അതിന്റെ ഉപയോക്താക്കളെ പ്രാപ്തരാക്കുന്നു. ഓരോ തവണ, മൊത്തം ചെലവിടൽ കചഞ 1 ലക്ഷത്തിൽ എത്തുമ്പോഴും കാർഡ് ഉടമയ്ക്ക് ലോഞ്ച് ആക്സസിനുള്ള 1 ഗിഫ്റ്റ് വൗച്ചർ ലഭിക്കുന്നു, ഇത് കാർഡ് ഉടമയ്ക്കോ അതിഥിക്കോ ഉപയോഗിക്കാനാകും.

# രജിസ്ട്രേഷൻ ഓഫറുമായി ഗോഡാഡി

**കൊച്ചി:** നൂതന ഡിജിറ്റൽ സൊല്യൂഷനുകൾ ഉപയോഗിച്ച് സംരംഭകരെ ശാക്തീകരിക്കുന്നതിലൂടെ അവരെ അഭിവൃദ്ധിപ്പെടുത്താൻ സഹായിക്കുന്ന കമ്പനിയായ ഗോഡാഡി .കോം ഡൊമെയ്ൻ രജിസ്ട്രേഷനുകൾക്കായി ഓഫർ പ്രഖ്യാപിച്ചു. ചെറുകിട ബിസിനസ്സ് ഉടമകൾക്കും സംരംഭകർക്കും .കോം ഡൊമെയ്നുകൾ മൂന്നു വർഷത്തേക്ക് എടുക്കുമ്പോൾ ആദ്യ വർഷത്തേക് വെറും ഒരു രൂപ എന്ന നിരക്കിൽ ഇപ്പോൾ ലഭ്യമാണ്. സമാനതകളില്ലാത്ത മൂല്യവും മനസ്സമാധാനവും നൽകിക്കൊണ്ട് ദീർഘകാല ഡൊമെയ്ൻ രെജിസ്ട്രേഷൻ തിരഞ്ഞെടുക്കുന്നതിന് ഉപഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനാണ് ഈ എക്സ്ക്ലൂസീവ് ഓഫർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. 3 വർഷത്തെ .കോം ഓഫർ ഡൊമൈൻ ഉടമസ്ഥത കൂടുതൽ സ്വീകാര്യമാക്കുകയും ഹ്രസ്വകാല വാങ്ങലുകളെ അപേക്ഷിച്ച് ഗണ്യമായ ലാഭം നൽകുകയും ചെയ്യുമെന്ന് ’ ഗോഡാഡി ഇന്ത്യയുടെ മാർക്കറ്റിംഗ് സീനിയർ ഡയറക്ടർ അപൂർവ പൽനിത്കർ പറഞ്ഞു.

ഗോഡാഡിയുടെ 2024 ഡാറ്റാ ഒബ്സർവേറ്ററി പ്രകാരം, സർവേയിൽ പങ്കെടുത്ത 97% ചെറുകിട ബിസിനസ്സുകളും ഡിജിറ്റലൈസേഷൻ തങ്ങളുടെ പ്രവർത്തന പ്രക്രിയയെ ഗണ്യമായി മെച്ചപ്പെടുത്തിയെന്ന് വിശ്വസിക്കുന്നു. ബിസിനസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ ഡിജിറ്റലൈസേഷൻ ഒരു നിർണായക ഘടകമാണെന്ന് 90% വിശ്വസിക്കുന്നു. ഇതിനിടയിൽ, ബിസിനസ് വിശ്വാസ്യത വർധിപ്പിച്ചുകൊണ്ട് ഡിജിറ്റലൈസേഷൻ രംഗത്ത് ഒഴിച്ചുകൂടാനാവാത്ത ആസ്തികളായി ഡൊമെയ്നുകൾ ഉയർന്നുവന്നു.

## ആക്സിസ് ബാങ്കിന് 160 ശതമാനം ലാഭ വർധന

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യമേഖലാ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് 2024 സാമ്പത്തിക വർഷത്തെ നാലാം പാദ ഫലവും വാർഷിക ഫലവും പ്രഖ്യാപിച്ചു. 2024 സാമ്പത്തിക വർഷത്തിൽ ബാങ്ക് 24,861 കോടി രൂപ അറ്റാദായം നേടി. മുൻ വർഷത്തെ 9,580 കോടി രൂപയെ അപേക്ഷിച്ച് 160 ശതമാനമാണ് വാർഷിക ലാഭ വർധനവ്. അറ്റ പലിശ വരുമാനം വാർഷികാടിസ്ഥാനത്തിൽ 16 ശതമാനവും മുൻ വർഷം ഇതേ പാദത്തെ അപേക്ഷിച്ച് 11 ശതമാനവും വർധിച്ച് 2023 സാമ്പത്തിക വർഷത്തെ 42,946 കോടി രൂപയിൽ നിന്നും 49,894 കോടി രൂപയിലെത്തി. നാലാം പാദത്തിൽ 4.06 ശതമാനമാണ് പലിശയിൽ നിന്നുള്ള അറ്റ ലാഭം.





# ആറ്റിൽ പോള നിറഞ്ഞു കോട്ടയം ആലപ്പുഴ സർവീസ് പൂർണമായി നിലച്ചു

**കോട്ടയം:** ആറ്റിൽ പോള നിറഞ്ഞതോടെ കോട്ടയം ആലപ്പുഴ സർവീസ് പൂർണമായി നിർത്തിവച്ചു. കോട്ടയത്തുനിന്ന് ആലപ്പുഴയ്ക്ക് നടത്തിയ അഞ്ചു സർവീസുകളാണു നിർത്തിയത്. കാഞ്ഞിരം മുതൽ വെട്ടിക്കാട്ട് വരെ പോളശല്യം അതിരൂക്ഷമായിരിക്കുകയാണ്. കഴിഞ്ഞ ആഴ്ചയിൽ 20 യാത്രക്കാരുമായി ആലപ്പുഴയിൽനിന്ന് വന്ന ബോട്ട് വെട്ടിക്കാട്ട് ഭാഗത്ത് രാത്രി മുഴുവൻ പോളയിൽ കുടുങ്ങിയിരുന്നു.

ഫയർഫോഴ്സെത്തിയാണു ബോട്ട് രക്ഷപ്പെടുത്തിയത്. ഇതേതുടർന്ന് ബോട്ട് സർവീസ് പകൽ മാത്രമായി രണ്ടു സർവീസുകളാണു നടത്തിയിരുന്നത്. പോള പ്രൊപ്പല്ലറിൽ ഉടക്കി ബോട്ടിനു തകരാർ ഉണ്ടാകുന്നതും വെല്ലുവിളി ഉയർത്തുന്നുണ്ട്. യാത്ര ദുർഘടമായതിനാലാണു സർവീസുകൾ പൂർണമായും നിർത്തിവച്ചത്.

ഇറിഗേഷൻ വകുപ്പാണ് പോള നീക്കം ചെയ്യേണ്ടത്. തിരുവാർപ്പ് പഞ്ചായത്ത് അധികൃതരും അനകൂല നടപടികൾ സ്വീകരിക്കുന്നില്ല. സർവീസുകൾ നിർത്തിവച്ചതോടെ മത്സ്യത്തൊഴിലാളികളെയും കർഷകരെയും സാരമായി ബാധിച്ചു, യാത്രക്കാരെയും ഏറെ ബുദ്ധിമുട്ടിലാക്കുകയാണ്. കൊടൂരാറ്റിലും കൈവഴികളിലും പോളശല്യം രൂക്ഷമായി. തണ്ണീർമുക്കം ബണ്ട് തുറന്നതോടെ വേലിയേറ്റത്തിൽ തള്ളിക്കയറിയ പോളയും പായലും ഇറങ്ങിപ്പോകാതെ വന്നതോടെ ആറ്റിൽ തിങ്ങിനിറഞ്ഞിരിക്കുകയാണ്.

ഇതോടെ പടിഞ്ഞാറൻ പ്രദേശങ്ങളിലുള്ളവർക്ക് ജലഗതാഗതവും മറ്റിടങ്ങളിൽ മത്സ്യ ബന്ധനവും തടസപ്പെട്ടു. ബണ്ട് പൂർണമായും തുറക്കാതെ വന്നതോടെ ഉപ്പ് വെള്ളത്തിൻറെ തള്ളൽ കുറഞ്ഞത് പായൽ നശിച്ചുപോകാനുള്ള സാധ്യതയും ഇല്ലാതായെന്ന് നാട്ടുകാർ പറയുന്നു.

കൊടൂരാറിൻറെ കിഴക്കൻ പ്രദേശങ്ങളിലും കൈവഴികളിലും കെട്ടിക്കിടക്കുന്ന പോള കാലവർഷമെത്തുന്നതോടെ പാടങ്ങളിലേക്ക് കയറുന്നത് നെൽകർഷകർക്കും ഭീഷണിയാണ്. പാടങ്ങളിൽ തിങ്ങിക്കയറുന്ന പോള ഇറങ്ങിപ്പോകാൻ സാധ്യത ഇല്ലാത്തതിനാൽ അടുത്ത കൃഷിക്കായി ഇരട്ടിത്തുക മുടക്കേണ്ടി വരുമെന്നാണ് കർഷകർ പറയുന്നത്.

# ഇത്തിഹാദ് വിമാനങ്ങളിൽ ഇനി കേരളീയ ഭക്ഷണവും

**നെടുമ്പാശേരി:** കേരളത്തിൽ നിന്നുൾപ്പെടെ ഇന്ത്യയിലെ ആറ് വിമാനത്താവളങ്ങളിൽ നിന്ന് അബുദാബിയിലേക്ക് സർവീസ് നടത്തുന്ന ഇത്തിഹാദ് എയർവേയ്സ് ഫ്ളൈറ്റുകളിൽ ഇനി ഇന്ത്യൻ ഭക്ഷണവും. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്ന് യാത്ര ചെയ്യുന്നവർക്ക് കേരളീയ ഭക്ഷണം ലഭി?ക്കും. ചെന്നൈ, അഹമ്മദാബാദ്, ജയ്പൂർ എന്നിവിടങ്ങളിൽ നിന്നുള്ളവർക്ക് അതത് സംസ്ഥാനങ്ങളിലെ ഭക്ഷണവും ലഭിക്കും.ഇത്തിഹാദ് എക്പ്രസിൽ യാത്രക്കാർക്ക് സൗജന്യമായി ഭക്ഷണം നൽകുമെങ്കിലും അറേബ്യൻ ഭക്ഷണം കഴിക്കേണ്ട അവസ്ഥയായി?രുന്നു. കൊച്ചിയിൽ നിന്നു മാത്രം നിത്യേന അബുദാബിയിലേക്ക് ഇത്തിഹാദിന് നാല് സർവീസുണ്ട്.കരാർ കാസിനോ ഗ്രൂപ്പിന്കാസിനോ എയർ കാറ്ററേഴ്സ് ആൻഡ് ഫ്ളൈറ്റ് സർവീസസി (സി.എ.എഫ്.എസ്)നാണ് ഭക്ഷണം നൽകാനുള്ള കരാർ.



ജൂൺ ഒന്ന് മുതൽ നാല് വർഷത്തേക്കാണിത്. കേരളത്തിലെ വിമാനത്താവളങ്ങളിൽ നിന്നുള്ള വിമാനങ്ങളിൽ ജൂൺ ഒന്നിന് തന്നെ കാസിനോ ഗ്രൂപ്പ് സർവീസ് ആരംഭിക്കും. മറ്റ് വിമാനത്താവളങ്ങളിൽ നിന്നുള്ള സർവീസ് ജൂലായ് ഒന്ന് മുതലായിരിക്കും ആരംഭിക്കുകയെന്ന് കാസിനോ ഗ്രൂപ്പ് സി.ഇ.ഒ വി.ബി. രാജൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

നാടൻ രുചികൾകേരളത്തിൽ നിന്നുള്ള വിമാനങ്ങളിൽ നാടൻ വിഭവങ്ങളായ കോഴി പൊരിച്ചത്, ചെമ്മീൻ ഉലർത്ത്, മീൻ കറി, മീൻ പൊള്ളിച്ചത്, വെണ്ടയ്ക്ക തോരൻ, ബിരിയാണി, പഴ പ്രഥമൻ, അട പ്രഥമൻ തുടങ്ങിയവ ഉച്ചയ്ക്കും രാത്രിയിലും, ഇടിയപ്പം, കടല കറി, വിവിധതരം ഉപ്പുമാവുകൾ, ഇഡലി, വട, സാമ്പാർ തുടങ്ങിയവ പ്രഭാതത്തിലും ലഭിക്കും.കാസിനോ എയർ കാറ്ററേഴ്സ് കോർപ്പറേറ്റ് ഷെഫ് ഗുണശേഖരൻ, അസി. വൈസ് പ്രസിഡന്റ് പ്രമോദ്, ഇതിഹാദ് എയർവേയ്സ് ഗ്ലോബൽ കളിനറി ഡെവലപ്പ്മെന്റ് മാനേജർ നദീം ഫാറൂക്ക് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ലോകത്തിൻറെ സംരക്ഷണത്തിന് പ്ലാസ്റ്റിക്കിൻറെ ഉപയോഗം കുറയ്ക്കണം: ഡോ.വി. ഹരിദാസ്

**മാനന്തവാടി:** ലോകത്തിൻറെ സംരക്ഷണത്തിന് പ്ലാസ്റ്റിക്കിൻറെ ഉപയോഗം കുറയ്ക്കണമെന്നും ലോകം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ മുഖ്യ വില്ലൻ പ്ലാസ്റ്റിക് ആണെന്നും കാരിത്താസ് ഇന്ത്യ ഡൽഹിയിലെ പ്രകൃതി വിഭവ സംരക്ഷണ വിഭാഗം മേധാവി ഡോ.വി. ഹരിദാസ് അഭിപ്രായപ്പെട്ടു.

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ലോക ഭൗമ ദിനത്തിൻറെ ഭാഗമായി നടത്തിയ ശില്പശാലയിൽ മുഖ്യ വിഷയം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, പുനർചക്രണം ചെയ്യുക, വീണ്ടും ഉപയോഗിക്കുക എന്നിവയിലൂടെ നമുക്ക് ഭൂമിയെ സംരക്ഷിക്കുവാൻ സാധിക്കും. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു.

പ്രോഗ്രാം ഓഫീസർ പി.എ. ജോസ്, കേരള ലേബർ മൂവ്മെൻറ് രൂപത ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറന്പിൽ, കോ ഓർഡിനേറ്റർ റോബിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു.

# റബ്ബർ വില വർദ്ധിച്ചിട്ടും നേട്ടം കൊയ്യാനാവാതെ ചെറുകിട കർഷകർ

**മുണ്ടൂർ:** പൊതുവിപണിയിൽ റബ്ബർ വില 180 രൂപയിൽ എത്തിയിട്ടും നേട്ടം കൊയ്യാനാവാത്തത് കർഷകർ ദുരിതത്തിൽ. കടുത്ത വേനൽ ചൂടിൽ ഉത്പാദനം കുറഞ്ഞതാണ് പ്രതിസന്ധിക്ക് കാരണം. ഉത്പാദനം കൂടിയ സമയത്ത് റബ്ബർ ഷീറ്റിന് 150 ൽ താഴെയായിരുന്നുവില.നാലാം ഗ്രേഡ് ഷീറ്റിനാണ് 180 രൂപ വില. എന്നാൽ കർഷകരുടെ കൈവശം വിൽക്കാൻ ഷീറ്റ് ലഭ്യമല്ല. മാർക്കറ്റ് വിലയും അന്താരാഷ്ട്ര വിലയും ഉയർന്നത് കർഷകർക്ക് നേട്ടമില്ലാതായി.

മുൻവർഷങ്ങളിൽ വില ഉയരുമെന്ന പ്രതീക്ഷയിൽ ഷീറ്റ് സൂക്ഷിച്ചുവച്ച കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ട സ്ഥിതിയുണ്ടായി. ഇക്കാരണത്താൽ ഈ വർഷം കർഷകരിലേറെയും ഷീറ്റ് കരുതി വെക്കാതെ നേരത്തെ വിൽപന നടത്തി. കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ ഉത്പാദന കുറവാണ് അന്താരാഷ്ട്ര വിപണിയിലും ആഭ്യന്തര വിപണിയിലും വില വർദ്ധനയ്ക്കിടയാക്കിയതെന്ന് വ്യാപാരികൾ പറയുന്നു. മലയോര മേഖലകളിലെ പ്രധാന റബ്ബർ കടകളിൽ 50  100 കിലോയിൽ താഴെ മാത്രമാണ് ഇപ്പോൾ വ്യാപാരം നടക്കുന്നത്.ടാപ്പിംഗ് നിർത്തി കർഷകർഉത്പാദനം പകുതിയായതോടെ പല കർഷകരും റബ്ബർ ടാപ്പിംഗ് നിർത്തി. ടാപ്പിംഗ് നിർത്തിയതോടെ ചിരട്ടകളിൽ ശേഷിച്ച ഒട്ടുപാലും വള്ളിപ്പാലും 105 110 രൂപ വിലയായി ഉയർന്നു. റബ്ബർ വില വർദ്ധനവിനൊപ്പം ഏപ്രിൽ മുതൽ സർക്കാർ താങ്ങു വിലയ്ക്ക് എടുക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ചെറുകിട കർഷകർക്ക് യാതൊരു ഗുണവുമില്ല. അതേ സമയം ചെറുകിട കർഷകരിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് വാങ്ങി ഷീറ്റ് സൂക്ഷിച്ച് വെച്ച വൻകിട തോട്ട ഉടമകൾക്കും വ്യാപാരികൾക്കുമാണ് നേട്ടമുണ്ടാക്കാൻ കഴിയുന്നത്.

# വിഴിഞ്ഞത്തെ ബൈപ്പാസുമായി ബന്ധിപ്പിക്കാൻ റോഡ് ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി

**തിരുവനന്തപുരം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ദേശീയപാത 66നെ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ വരെ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ)? പൂർത്തിയാക്കി.ആകെ വേണ്ടിവരുന്ന 42 സെന്റ് ഭൂമിയിൽ 35.81 സെന്റാണ് ഏറ്റെടുത്തത്.

ശേഷിക്കുന്ന 6.19 സെന്റ് ദേശീയപാത അതോറിട്ടിയാവും ഏറ്റെടുക്കുക.ഏറ്റെടുത്ത ഭൂമി ഉടൻതന്നെ തുറമുഖ നടത്തിപ്പുകാരായ അദാനി ഗ്രൂപ്പിന് കൈമാറുംഭൂമി ഏറ്റെടുത്ത് നൽകിയ സാഹചര്യത്തിൽ ഉടൻതന്നെ അദാനി ഗ്രൂപ്പ് റോഡ് നിർമ്മാണത്തിനുള്ള ടെൻഡർ നടപടികളിലേക്ക് കടക്കും.അപ്രോച്ച് റോഡിന്റെ മുല്ലൂരിൽ നിന്നുള്ള ഭാഗത്താണ് നിർമ്മാണം. ജൂണിൽ ടെൻഡർ ക്ഷണിക്കാനാണ് ആലോചന.റോഡ് നിർമ്മിക്കുമ്പോൾ 29 കുടുംബങ്ങളെയാണ് ബാധിക്കുക. 78 മരങ്ങളും മുറിച്ചുമാറ്റേണ്ടി വരും.തുറമുഖത്തെ എൻ.എച്ച് 66ഉം ആയി ബന്ധിപ്പിക്കുന്നതിനുള്ള രണ്ട് കിലോമീറ്ററോളം ദൂരത്തിൽ നാലുവരിപ്പാത നിർമ്മാണം പുരോഗമിക്കുകയാണ്. ഈ പാതയിൽ രണ്ട് പാലങ്ങൾ പൂർത്തിയായിട്ടുണ്ട്.അതേസമയം,? വിഴിഞ്ഞം  നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ (ദേശീയപാത 866) കാര്യത്തിൽ നടപടി നീളുകയാണ്. 65 കിലോമീറ്റർ ദൈർഘ്യമുള്ള റോഡിന്റെ സ്ഥലമേറ്റെടുക്കുന്നതു സംബന്ധിച്ച തുക വിഹിതത്തിൽ കേന്ദ്ര  സംസ്ഥാന സർക്കാരുകൾ ധാരണയിലെത്താത്തതിനെ തുടർന്നാണിത്.




# ഒരു അന്വേഷണത്തിന്റെ തുടക്കം

ഷൈൻ ടോം ചാക്കോ,മുകേഷ് ,സമുദ്രകനി,വാണി വിശ്വനാഥ്,ബൈജു സന്തോഷ്, അശോകൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എം എ നിഷാദ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഒരു അന്വേഷണത്തിന്റെ തുടക്കം എന്ന ചിത്രത്തിന്റെ ചിത്രീകരണം കോട്ടയത്ത് ആരംഭിച്ചു.പി ഡബ്ല്യു ഡിറസ്റ്റ് ഹൗസിൽ വെച്ച് നടന്ന പൂജാ ചടങ്ങിൽ

ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ സ്വിച്ചോൺ കർമ്മം നിർവഹിച്ചു. റിട്ടേർഡ് ക്രൈംബ്രാഞ്ച് എസ് പി എ ഷാനവാസ് ആദ്യ ക്ലാപ്പടിച്ചു.ചടങ്ങിൽ പ്രമുഖ വ്യക്തികളും താരങ്ങളും പങ്കെടുത്തു.ബെൻസി പ്രോഡക്ഷൻസിന്റെ ബാനറിൽ കെ.വി.അബ്ദുൽ നാസർ നിർമ്മിക്കുന്ന ഈ ചിത്രത്തിൽജൂഡ് ആന്റണി,പ്രശാന്ത് അലക്സാണ്ടർ,കലാഭവൻ ഷാജോൺ, വിജയ്ബാബു, സുധീഷ്,ജോണി ആന്റണി, ജനാർദനൻ,ഇർഷാദ്, രമേഷ് പിഷാരടി,ജാഫർ ഇടുക്കി,കൈലാഷ്,ഷഹീൻ സിദ്ധിക്ക്,കോട്ടയം നസീർ,പി ശ്രീകുമാർ, ബിജു സോപാനം, കുഞ്ചൻ,അബു സലിം, ബാബു നമ്പൂതിരി, കലാഭവൻ നവാസ്,പ്രമോദ് വെളിയനാട്, ജയകൃഷ്ണൻ,ഉല്ലാസ് പന്തളം,ജയകുമാർ,ശിവദ,ദുർഗ കൃഷ്ണ സ്വാസിക,അനുമോൾ, മഞ്ജു പിള്ള,സ്മിനു സിജോ,ഉമാ നായർ,ഗീതാഞ്ജലി മിഷ്റ,സിമി എബ്രഹാം,അനു നായർ,റിങ്കു,സന്ധ്യാ മനോജ്,പൊന്നമ്മ ബാബു,കനകമ്മ,മഞ്ജു സുഭാഷ്,അനിത നായർ തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.വിവേക് മേനോൻ ഛായാഗ്രഹണം നിർവഹിക്കുന്നു.പ്രഭാവർമ്മ,ഹരി നാരായണൻ,പളനി ഭാരതി എന്നിവരുടെ വരികൾക്ക് എം.ജയചന്ദ്രൻ സംഗീതം പകരുന്നു.

എഡിറ്റിംഗ് ജോൺകുട്ടി.പ്രൊഡക്ഷൻ കൺട്രോളർബിനു മുരളി,പ്രൊഡക്ഷൻ ഡിസൈനർഗിരീഷ് മേനോൻ, കലാസംവിധാനംദേവൻ കൊടുങ്ങല്ലൂർ കോസ്റ്റ്യൂംസ് സമീറ സനീഷ്,മേക്കപ്പ് റോണെക്സ് സേവ്യർ,ഓഡിയോ ഗ്രാഫി

എം.ആർ. രാജാകൃഷ്ണൻ ബിജിഎംമാർക്ക് ഡി മൂസ്,ചീഫ് അസോസിയേറ്റ് ഡയറക്ടർകൃഷ്ണകുമാർ,അസോസിയേറ്റ് ഡയറക്ടർരമേശ് അമാനത്,റെബി സലാം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്റിയാസ് പട്ടാമ്പി, പ്രൊഡക്ഷൻ മാനേജർ സുജിത് വി സുഗതൻ,ശ്രീശൻ ഏരിമല,സ്റ്റണ്ട്ഫീനിക്സ് പ്രഭു,ബില്ല ജഗൻ സ്റ്റിൽസ്ഫിറോഷ് കെ.. ജയേഷ്,ഡിസൈൻസ്യെല്ലോ ടൂത്ത്സ്.പൂർണ്ണമായും ഇൻവസ്റ്റിഗേറ്റീവ് ത്രില്ലർ ചിത്രമാണ് "ഒരു അന്വേഷണത്തിന്റെ തുടക്കം'.വാഗമൺ,കുട്ടിക്കാനം, തെങ്കാശി,പഞ്ചാബ്, ദുബായ് എന്നിവിടങ്ങളിലാണ് മറ്റു ലോക്കേഷൻ.




# റേച്ചൽ

ഹണി റോസിനെ കേന്ദ്ര കഥാപാത്രമാക്കി സംവിധായകൻ എബ്രിഡ് ഷൈൻ അവതരിപ്പിക്കുന്ന ' റേച്ചൽ'എന്ന ചിത്രത്തിന്റെ സെക്കന്റ് ലുക്ക് പോസ്റ്റർ റിലീസായി.ആനന്ദിനി ബാല സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽബാബുരാജ്, കലാഭവൻ ഷാജോൺ റോഷൻ, ചന്തു സലീംകുമാർ,ദിനേശ് പ്രഭാകർ,ബൈജു എഴുപുന്ന,വന്ദിത,പൗളി വത്സൻരാധിക തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.ബാദുഷ പ്രൊഡക്ഷൻസ്, പെൻ ആന്റ് പേപ്പർ ക്രിയേഷൻസ് എന്നീ ബാനറിൽ ബാദുഷ എൻ എം,ഷിനോയ് മാത്യു,എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന 'റേച്ചലി' ന്റെ ഛായാഗ്രഹണം സ്വരൂപ് ഫിലിപ്പ് നിർവ്വഹിക്കുന്നു.രാഹുൽ മണപ്പാട്ട്, എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമഞ്ജു ബാദുഷ,നീതു ഷിനോയ്,കോ പ്രൊഡ്യൂസർഹന്നൻ മറമുട്ടം.




# ഭരതനാട്യം പൂർത്തിയായി

നടൻ സൈജു കുറുപ്പിന്റെ നായകനാക്കി നവാഗതനായ കൃഷ്ണ ദാസ് മുരളി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്നഭരതനാട്യം എന്ന ചിത്രത്തിന്റെ ചിത്രീകരണം അങ്കമാലിയിൽ പൂർത്തിയായി.സായ്കുമാർ, കലാരഞ്ജിനി, മണികണ്ഠൻ പട്ടാമ്പി, അഭിരാം രാധാകൃഷ്ണൻ ,നന്ദു പൊതുവാൾ,സോഹൻ സീനുലാൽ,ദിവ്യ എം നായർ,പാൽതൂ ജാൻവർ ഫെയിം ശ്രുതി സുരേഷ് തുടങ്ങിയവരാണ് മറ്റു പ്രധാന താരങ്ങൾ. തോമസ് തിരുവല്ലാ ഫിലിംസിന്റെ ബാനറിൽ ലിനി മറിയം ഡേവിഡ്, അനുപമ നമ്പ്യാർ, സൈജു ക്കുറുപ്പ് എന്റർടൈൻമെന്റിന്റെ ബാനറിൽ സൈജു കുറുപ്പ് എന്നിവർ ചേർന്ന് ഒരുക്കുന്ന ഭരതനാട്യം ഛായാഗ്രഹണം ബബ്ലു അജു നിർവ്വഹിക്കുന്നു. മനു മഞ്ചിത്ത് എഴുതിയ വരികൾക്ക് സാമുവൽ എ ബി ഈണം പകരുന്നു.എഡിറ്റിംഗ്ഷഫീഖ് വി ബി,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർശ്രീജിത്ത് മേനോൻ,പ്രൊഡക്ഷൻ കൺട്രോളർ ജിതേഷ് അഞ്ചുമന,കലാസംവിധാനം ബാബു പിള്ള,മേക്കപ്പ്മനോജ് കിരൺ രാജ്,കോസ്റ്റ്യൂംസ് ഡിസൈൻ സുജിത് മട്ടന്നൂർ,സ്റ്റിൽസ്ജസ്റ്റിൻ ജയിംസ്,ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർസാംസൺ സെബാസ്റ്റ്യൻ,അസോസിയേറ്റ് ഡയറക്ടർ അർജ്ജുൻ ലാൽ, അസിസ്റ്റന്റ് ഡയറക്ടർഅൽസിൻ ബെന്നി, കൃഷ്ണ മുരളി, വിഷ്ണു ആർ പ്രദീപ്, സൗണ്ട് ഡിസൈനർധനുഷ് നായനാർ, സൗണ്ട് മിക്സിംഗ്വിപിൻ നായർ,വിഎഫ്എക്സ്ജോബിൻ ജോസഫ്,പ്രൊഡക്ഷൻ എക്സിക്കുട്ടീസ്. കല്ലാർ അനിൽ,ജോബി ജോൺ,പരസ്യക്കലയെല്ലോ ടൂത്ത്സ്,പി ആർ ഒഎ എസ് ദിനേശ്.



# എസ്. ജെ.സൂര്യ മലയാള സിനിമയിലേക്ക്

എസ്.ജെ. സൂര്യ ആദ്യമായി മലയാള സിനിമയിലേക്ക് എത്തുകയാണ്. ബാദുഷാ സിനിമാസ് ആണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ. ചിത്രം സംവിധാനം ചെയ്യുന്നത് വിപിൻദാസാണ്. മാസ്സ് എന്റെർറ്റൈനെർ ആയി ഒരുങ്ങുന്ന ചിത്രത്തിൽ ഫഹദ് ഫാസിൽ കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നു. മലയാളം, തമിഴ്, കന്നഡ, തെലുഗ് ഭാഷകളിൽ ഒരുങ്ങുന്ന ചിത്രത്തിന്റെ കൂടുതൽ വിവരങ്ങൾ വരും ദിവസങ്ങളിൽ അറിയിക്കുമെന്ന് നിർമ്മാതാക്കൾ അറിയിച്ചു. ഹൈദരാബാദിൽ നടന്ന മീറ്റിങ്ങിനു ശേഷമാണ് ചിത്രത്തിന്റെ നിർമ്മാണ പങ്കാളിയായ ബാദുഷ തന്റെ സോഷ്യൽ മീഡിയയിലൂടെ എസ്. ജെ. സൂര്യയുടെ മലയാള സിനിമയിലേക്കുള്ള സ്ഥിരീകരണം വിശദമാക്കി ചിത്രങ്ങളോടൊപ്പമുള്ള പോസ്റ്റ് പങ്കുവച്ചിരുന്നു. ബാദുഷാ സിനിമാസിന്റെ ബാനറിൽ എൻ.എം. ബാദുഷാ, ഷിനോയ് മാത്യു, ടിപ്പു ഷാൻ , ഷിയാസ് ഹസ്സൻ എന്നിവരാണ് ഈ ചിത്രത്തിന്റെ നിർമ്മാതാക്കൾ.ബാദുഷാ സിനിമാസ് നിർമ്മിക്കുന്ന ഹൈ ബഡ്ജറ്റഡ് സിനിമയായിരിക്കും ഇത്. ചിത്രത്തിന്റെ മറ്റു താരങ്ങളെയും അണിയറപ്രവർത്തകരെയും കുറിച്ചുള്ള മറ്റു വിവരങ്ങൾ വരും ദിവസങ്ങളിൽ അറിയിക്കുമെന്ന് നിർമ്മാതാക്കൾ അറിയിച്ചു. ഈ വർഷം തന്നെ ഫഹദ് എസ് ജെ സൂര്യ അഭിനയിക്കുന്ന ഈ ചിത്രത്തിന്റെ ചിത്രീകരണം ആരംഭിക്കും.പി ആർ ഓ പ്രതീഷ് ശേഖർ.

# ബാങ്കിംഗ് തട്ടിപ്പ് ബോധവൽക്കരണ കാമ്പയിൻ മൂന്നാം പതിപ്പ് പെഹ്ചാൻകോൺ 3.0 അവതരിപ്പിച്ച് ബാങ്ക് ഓഫ് ബറോഡ

**മുംബൈ:** മുൻനിര പൊതുമേഖലാ ബാങ്കുകളിലൊന്നായ ബാങ്ക് ഓഫ് ബറോഡ ബാങ്കിംഗ് തട്ടിപ്പ് ബോധവൽക്കരണ കാമ്പയിൻ മൂന്നാം പതിപ്പ് പെഹ്ചാൻകോൺ 3.0 പുറത്തിറക്കുമെന്ന് പ്രഖ്യാപിച്ചു. ഏറ്റവും ജാഗ്രതയുള്ള ഉപഭോക്താക്കളെപ്പോലും കബളിപ്പിക്കുന്നതിൽ വിജയിക്കാൻ കഴിയുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സൃഷ്ടിച്ച ഡീപ്ഫേക്ക് അഴിമതികൾ പോലെയുള്ള പുതിയ കാലത്തെ സാമ്പത്തിക തട്ടിപ്പുകളെക്കുറിച്ച് അവബോധം വളർത്താനാണ് ഏറ്റവും പുതിയ കാമ്പെയ്ൻ ശ്രമിക്കുന്നത്.

കാമ്പെയ്നിന്റെ മൂന്നാം പതിപ്പിൽ, നടൻ കുനാൽ റോയ് കപൂറിനെ അവതരിപ്പിക്കുന്ന രണ്ട് പുതിയ പരസ്യ ചിത്രങ്ങൾ ബാങ്ക് പുറത്തിറക്കി. വിജ്ഞാനപ്രദമായ ഉള്ളടക്കത്തോടൊപ്പം നർമ്മത്തിന്റെ ഉപയോഗവും സംയോജിപ്പിച്ച്, ഈ വീഡിയോകൾ ആർക്കും എങ്ങനെ ആശയവിനിമയം നടത്താമെന്ന് വ്യക്തമാക്കുന്നു. ഒരു കുടുംബാംഗം/അടുത്ത പരിചയക്കാരൻ എന്ന വ്യാജേന വ്യക്തികളെ കബളിപ്പിക്കാൻ ഏറ്റവും പുതിയ ഡീപ്ഫേക്ക് അല്ലെങ്കിൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു ഒടിപി ആവശ്യപ്പെടുന്ന ഡെലിവറി ഏജന്റായി വേഷമിട്ട് ഓൺലൈൻ ഷോപ്പർമാരെ ലക്ഷ്യം വെക്കുന്നു.

അത്തരമൊരു ആക്രമണത്തിന് എങ്ങനെ ഇരയാകുമെന്ന് പരസ്യങ്ങൾ കാണിക്കുന്നു. കുനാൽ റോയ് കപൂർ ശാന്തനും അനുകമ്പയുള്ളതുമായ ഒരു ഡോക്ടറുടെ വേഷം ചെയ്യുന്നു. ജാഗ്രതയോടെ ഒരു വഞ്ചകനെ തിരിച്ചറിയാൻ കഴിയുന്നതിലൂടെ ഉപഭോക്താക്കൾക്ക് തങ്ങളെയും അവരുടെ രഹസ്യാത്മക സാമ്പത്തിക വിവരങ്ങളെയും പരിരക്ഷിക്കാനും സുരക്ഷിതവും സുരക്ഷിതവുമായ ഓൺലൈൻ ബാങ്കിംഗ്, ഷോപ്പിംഗ് അനുഭവം ആസ്വദിക്കാനും കഴിയുമെന്ന് പരസ്യങ്ങൾ ഊന്നിപ്പറയുന്നു. ബാങ്ക് ഓഫ് ബറോഡ എക്സിക്യൂട്ടീവ് ഡയറക്ടർ ലാൽ സിംഗ് പറഞ്ഞു, 'ആളുകളെ കബളിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഓൺലൈൻ തട്ടിപ്പുകൾ ഇക്കാലത്ത് സാധാരണമായിരിക്കുന്നു, അത് എക്കാലത്തെയും ഭീഷണിയാണ്. കൂടാതെ, പുതിയ സാങ്കേതികവിദ്യകളുടെ വരവോടെ, സാമ്പത്തിക ദോഷങ്ങളുടെ പ്രവർത്തനരീതിയും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ, നാമെല്ലാവരും അങ്ങേയറ്റം ജാഗരൂകരായിരിക്കുകയും ഒരു വഞ്ചന / തട്ടിപ്പ് തിരിച്ചറിയാൻ പഠിക്കുകയും വേണം.

ബാങ്ക് ഓഫ് ബറോഡയുടെ പെഹ്ചാൻകോൺ 3.0 കാമ്പെയ്ൻ ഉപഭോക്താക്കൾക്ക് സ്വയം ജാഗ്രതയുടെ പ്രാധാന്യം ഊന്നിപ്പറയുന്നു.' കാമ്പെയ്ൻ ടെലിവിഷൻ, റേഡിയോ, ഡിജിറ്റൽ, ഔട്ട്ഡോർ പ്ലാറ്റ്ഫോമുകളിലൂടെ ജനങ്ങളിലേക്കെത്തും.

# ക്ലബ്ബ് മഹീന്ദ്ര ഭൗമ ദിനം ആചരിച്ചു

**കൊച്ചി:** മഹീന്ദ്ര ഹോളിഡേയ്സ് ആൻഡ് റിസോർട്ട്സ് ഇന്ത്യ ലിമിറ്റഡിന്റെ മുൻനിര ബ്രാൻഡായ ക്ലബ് മഹീന്ദ്ര ഭൗമദിനം ആചരിച്ചു. കാർബൺ കുറയ്ക്കുന്നതിനുമുള്ള പരിസ്ഥിതി അവബോധ തെരഞ്ഞെടുപ്പുകൾ നടത്താൻ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ റിസോർട്ടുകൾ വൃത്തിയാക്കുക, പച്ചപ്പ് നിലനിർത്തുന്നതിനായി മരങ്ങൾ നടുക തുടങ്ങിയവയായിരുന്നു സംരംഭങ്ങൾ. ക്ലബ് മഹീന്ദ്രയുടെ വിവിധ റിസോർട്ടുകളിലായി ഈ വർഷം 24,382 തൈകൾ നട്ടുപിടിപ്പിച്ചു, സുസ്ഥിര ഊർജ്ജോപയോഗത്തിന്റെ ഭാഗമായി വിദൂര സ്ഥലങ്ങളിലുള്ള വീടുകളിലും തെരുവുകളിലും സോളാർ ലൈറ്റുകൾ സ്ഥാപിച്ചു.

# പ്രശ്ന പരിഹാരത്തിന് ആർബിഐയുമായി സഹകരിക്കും: കൊടക് മഹീന്ദ്ര ബാങ്ക്

**കൊച്ചി:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) നിർദ്ദേശ പ്രകാരം, ഓൺലൈൻ, മൊബൈൽ ബാങ്കിംഗ് ചാനലുകളിലൂടെയുള്ള പുതിയ ഉപഭോക്താക്കളുടെ രജിസ്ട്രേഷനും പുതിയ ക്രെഡിറ്റ് കാർഡ് വിതരണവും താൽക്കാലികമായി നിർത്തിവെച്ചുവെന്ന് കൊടക് മഹീന്ദ്ര ബാങ്ക് അധികൃതർ അറിയിച്ചു.ഇതിനോടകം തന്നെ ബാങ്കിന്റെ ഐടി സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലെ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനായി ആർബിഐയുമായി സഹകരിച്ച് പ്രവർത്തിക്കും. നിലവിലുള്ള ഉപഭോക്താക്കൾക്ക് ക്രെഡിറ്റ് കാർഡ്, മൊബൈൽ, നെറ്റ് ബാങ്കിംഗ് എന്നിവ ഉൾപ്പടെ എല്ലാ ബാങ്കിങ് സേവനങ്ങളും തടസ്സമില്ലാതെ ലഭ്യമാകും. പുതിയ ഉപഭോക്താക്കൾക്ക് ബാങ്ക് ശാഖകളിലൂടെ അക്കൗണ്ട് തുറക്കാൻ സാധിക്കുന്നതാണ്. പുതിയ ക്രെഡിറ്റ് കാർഡുകൾ അനുവദിക്കുന്നത് ഒഴികെ, മറ്റ് എല്ലാ സേവനങ്ങളും പുതിയ ഉപഭോക്താക്കൾക്ക് ബാങ്ക് ശാഖകളിൽ നിന്നും ലഭ്യമാകുമെന്നും കൊടക് മഹീന്ദ്ര ബാങ്ക് അധികൃതർ അറിയിച്ചു.

# സാംസങ്ങ് ഇന്നൊവേഷൻ കാമ്പസ് സീസൺ 2ന് തുടക്കം

**ന്യൂഡൽഹി:** ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്ങ് തങ്ങളുടെ ദേശീയ നൈപുണ്യ പരിപാടിയായ സാംസങ്ങ് ഇന്നൊവേഷൻ കാമ്പസിന്റെ രണ്ടാം സീസണിന് തുടക്കം കുറിച്ചു. എഐ, ഐഒടി, ബിഗ് ഡാറ്റ, കോഡിങ്ങ് ആന്റ് പ്രോഗ്രാമിങ്ങ് എന്നിങ്ങനെയുള്ള ഭാവിയുടെ സാങ്കേതിക മേഖലകളിൽ യുവാക്കൾക്ക് നൈപുണ്യം നൽകുവാനുള്ള പരിപാടിയാണിത്. 18 വയസ്സ് മുതൽ 25 വയസ്സ് വരെ പ്രായമുള്ള യുവാക്കൾക്ക് ഭാവിയുടെ സാങ്കേതിക വിദ്യകളിൽ നൈപുണ്യം നൽകുകയും തൊഴിലിൽ നിയോഗിക്കപ്പെടുവാനുള്ള അവരുടെ കഴിവിനെ മെച്ചപ്പെടുത്തുവാനുമാണ് സാംസങ്ങ് ഇന്നൊവേഷൻ കാമ്പസ് ലക്ഷ്യമിടുന്നത്.ഇന്ത്യയിൽ ഉടനീളമുള്ള 3500 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാനുള്ള ഒരു ധാരണാപത്രം സാംസങ്ങും ഇലക്ട്രോണിക്സ് സെക്ടർ സ്കിത്സ് കൗൺസിൽ ഓഫ് ഇന്ത്യയും (ഇഎസ്എസ് സി ഐ) തമ്മിൽ കഴിഞ്ഞ ആഴ്ച്ച ഒപ്പുവെച്ചു.ഇത്തവണത്തെ പരിപാടി നൈപുണ്യം നൽകുന്നതിനപ്പുറത്തേക്ക് പോയി വിദ്യാർത്ഥികൾക്ക് കൂടുതൽ ആവേശകരമായ അവസരങ്ങളാണ്ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ മേഖലയിൽ നിന്നും ദേശീയ തലത്തിൽ ഒന്നാമത് എത്തുന്നവർക്ക് ഒരു ലക്ഷം രൂപ ക്യാഷ് അവാർഡ് ലഭിക്കും. അതോടൊപ്പം തന്നെ ഡൽഹി/എൻസിആർ മേഖലയിലുള്ള സാംസങ്ങിന്റെ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുവാനുള്ള അവസരവും ലഭിക്കും. ഈ കേന്ദ്രങ്ങളിൽ നടത്തുന്ന സന്ദർശനങ്ങളിലൂടെ സാംസങ്ങിന്റെ നേതൃത്വ സംഘങ്ങളിൽ നിന്നും മെന്റർഷിപ്പും അതോടൊപ്പം അവരുമായി ഇടപഴകുവാനുള്ള അവസരവും വിദ്യാർത്ഥികൾക്ക് ലഭ്യമാകുമെന്ന് സാംസങ്ങ് സൗത്ത് വെസ്റ്റ് ഏഷ്യയുടെ പ്രസിഡന്റും സിഇ ഒ യുമായ ജെ ബി പാർക്ക് പറഞ്ഞു.

# കേരള നിയമസഭാ ദിനാഘോഷം

**തിരുവനന്തപുരം:** കേരള നിയമസഭാദിനാഘോഷത്തിന്റെ ഭാഗമായി 27ന് രാവിലെ 10ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിയമസഭാ സമുച്ചയത്തിലെ ദേശീയ നേതാക്കളുടെ പ്രതിമകളിൽ പുഷ്പാർച്ചന നടത്തും. ആഘോഷങ്ങളുടെ ഭാഗമായി 26 മുതൽ മെയ് ഒന്ന് വരെ നിയമസഭാ മന്ദിരവും പരിസരവും വൈകുന്നേരം ആറു മുതൽ രാത്രി എട്ടു വരെ ദീപാലംകൃതമായിരിക്കും. 27 ന് രാവിലെ 10.30 മുതൽ രാത്രി 8 വരെയും പൊതു അവധി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മണി മുതലും നിയമസഭ ഹാളും നിയമസഭ മ്യൂസിയവും പൊതുജനങ്ങൾക്ക് സന്ദർശിക്കാനാവുമെന്ന് നിയമസഭ സെക്രട്ടറി ഇൻ ചാർജ് അറിയിച്ചു.

